നമ്പർ. സി.പി(5)55055/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **12.03.2014**
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

## സർക്കുലർ നമ്പർ. 10/2014

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, റീജിയണൽ ബാങ്കുകൾ, റൂറൽബാങ്കുകൾ/ക്രെഡിറ്റ് സഹകരണസംഘങ്ങൾ എന്നിവയുടെ ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ - ക്ലാസ്സ് - III ലെ വ്യവസ്ഥകൾ - സർക്കുലർ നിർദ്ദേശത്തിൽ ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. സർക്കാരിന്റെ 19.01.2013 ലെ ജി.ഒ(പി)12/2013/സഹ നമ്പർ ഉത്തരവ്.
2. സഹകരണ സംഘംരജിസ്ട്രാറുടെ 02.04.2013 ലെ 32/2013 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ ചേമ്പറിൽ 27.01.2014 ൽ ചേർന്ന ജീവനക്കാരുടെയും, പ്രതിനിധികളുടെയും യോഗ തീരുമാനം .

...............

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിലവിലുണ്ടായിരുന്ന ക്ലാസിഫിക്കേഷൻ വ്യവസ്ഥകളിൽ ഭേദഗതിവരുത്തുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം 32/2013 സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സർക്കുലർ നിർദ്ദേശത്തിൽ ക്ലാസ്സ്-III വിഭാഗത്തിന്റെ ആഡിറ്റ് ക്ലാസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകളിൽ ഒരു പിശക് കടന്നു കൂടിയിട്ടുള്ളതിനാൽ, ആയത് പരിഹരിക്കുന്നതിനായി ചുവടെ പറയുന്ന ഭേദഗതി വരുത്തുന്നു.

| ക്ലാസ്സ് - III | നിലവിലുള്ളത് | ഭേദഗതി ചെയ്തത് |
|---|---|---|
| 1. പ്രവർത്തന മൂലധനം | .... . . . | . . . |
| 2. നിക്ഷേപം | . . . | . . . |
| 3. വായ്പാ ബാക്കി നിൽപ്പ് | . . . . | . . . |
| 4. ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ട് മുമ്പുള്ളമൂന്ന് വർഷം 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല. | തൊട്ട് മുമ്പുള്ള വർഷം 'ബി' ഗ്രേഡിൽ കുറയാൻ പാടില്ല. (Audit Classification for previous year not less than B) |

ഏതെങ്കിലും സംഘത്തെ ഇപ്രകാരം, സൂചന (2) സർക്കുലറിന്റെ അടിസ്ഥാനത്തിൽ തെറ്റായി ക്ലാസിഫിക്കേഷൻ നടത്തിയിട്ടുണ്ടെങ്കിൽ, ആയത് പുന : പരിശോധിച്ച് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ക്ലാസിഫിക്കേഷൻ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഒപ്പ്
കെ.ഗോപാല കൃഷ്ണഭട്ട്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് : 1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ഉപരി പത്രം സഹിതം).

2. സെക്രട്ടറി, കേരള നിയമസഭ.(ഉപരി പത്രം സഹിതം).

3. എല്ലാ പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്കും(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)

4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)

7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖാന്തിരം

8. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)

9. വെബ്സൈറ്റ്

10. സ്റ്റോക്ക് ഫയൽ

11. സ്പെയർ.